# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

മാർച്ച് 10 തിങ്കൾ


## നവജ്യോതിയിൽ ഇനി IT പാർക്കും..



ഫെബിൻ ബിജു

ചെറുപുഴ നവജ്യോതി കോളേജ് അടിസ്ഥാന സൗകര്യങ്ങൾ വിട്ടുനൽകിയപ്പോൾ പഠിച്ച ക്യാമ്പസിൽ ToScroll Technologies' എന്ന പേരിൽ ഐ. ടി പ്രൈവറ്റ് ലിമിറ്റഡ് കമ്പനി തുടങ്ങി പൂർവ്വ വിദ്യാർത്ഥി അബിൻ മൈക്കിൾ.അപൂർവമായി ലഭിച്ച ഈ ഭാഗ്യത്തിന് കോളേജ് അങ്കണത്തിൽ തിരിതെളിഞ്ഞപ്പോൾ ചടങ്ങ് ഉദ്ഘാടനം ചെയ്യാനെത്തിയത് ചാർട്ടേഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോജിസ്റ്റിക്സ് ആൻഡ് ട്രാൻസ്പോർട് എഡ്യൂക്കേഷൻ ലീഡ് റൂത്ത് ഫ്രാൻസിസ് ആണ്. ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു:കെ. എഫ് അലക്സാണ്ടർ കമ്പനിയുടെ ഒഫീഷ്യൽ വെബ്സൈറ്റ് സ്വിച്ച് ഓൺ കർമം നിർവഹിച്ചു. നവജ്യോതി കോളേജ് മാനേജർ സിജോയ് പോൾ, ബർസാർ ഫാ. അരുൺ ജെയിംസ്, പ്രിൻസിപ്പൽ ഡോ. കെ കെ സോമശേഖരൻ, ബി. ബി. എ വിഭാഗം മേധാവി ഷിജോ ജോസ്, ബി. സി.എ വിഭാഗം അധ്യാപകർ, വിദ്യാർത്ഥികൾ എന്നവർ ചടങ്ങിന് നിറസാന്നിധ്യമായി. നവജ്യോതി കോളേജിന് അബിനുമായുള്ള ബന്ധം തുടങ്ങുന്നത് കമ്പനി തുടങ്ങാൻ സൗകര്യം ഒരുക്കിയത് തൊട്ടല്ല...നവജ്യോതി കോളേജിലെ പഠന കാലത്ത് ജോലിക്കായുള്ള പല സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും, അതോടൊപ്പം ജോലിയിൽ തടസങ്ങൾ നേരിട്ടപ്പോൾ തളരാതെ മുന്നോട്ടുള്ള വഴികളിൽ ധൈര്യം പകർന്നതും ബി സി എ ഡിപ്പാർട്മെന്റിലെ അധ്യാപകരും, നവജ്യോതി കോളേജ് മാനേജ്മെന്റുമാണ്. ബിസിനസുകളെയും സ്റ്റാർട്ടപ്പുകളെയും ശാക്തീകരിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള സേവനങ്ങളുടെ സമഗ്രമായ ശ്രേണി കമ്പനി വാഗ്ദാനം ചെയ്യുന്നതോടൊപ്പം, ഉപഭോക്താക്കൾക്കായി യുവജനങ്ങൾക്ക് തൊഴിൽ നൽകുക എന്നതും കമ്പനിയുടെ പ്രധാന ലക്ഷ്യമാണ്.ചടങ്ങിന് ശേഷം ലോജിസ്റ്റിക്സ് പഠിക്കുന്ന നവജ്യോതി കോളേജിലെ വിദ്യാർത്ഥികളുമായി റൂത്ത് ഫ്രാൻസിസ് സംവദിക്കുകയും, കോഴ്സുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

## മസൂദയെഴുതുന്ന വിരഹ ഗാഥ

### ഭാഗം 4

മസൂദ

ചമ്മി തെളിഞ്ഞ മുഖവുമായി അവൻ അങ്ങനെ നടന്നു.

പ്രധാന അധ്യാപകൻ ചോദിച്ചു.. 'എന്താ മോനെ ഉദ്ദേശം..'

'ഒന്നൂല്ല സാറെ..' അവൻ മറുപടി കൊടുത്തു. ആരവങ്ങളും ആഹ്ലാദവുമായി അന്ന് അങ്ങനെ കടന്ന് പോയി. പിന്നീട് കുറേ ദിന രാത്രികളും. നീണ്ടു പോയ അഞ്ചാം സെമെസ്റ്റർ അവർക്കിടയിൽ അകലമില്ലാതാക്കി..

അങ്ങനെ വീണ്ടും ഒരു യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ ആരവം അവരെ പുളകം കൊള്ളിച്ചു..

കഴിയുന്നതിലെല്ലാം സമ്മാനം വാരിക്കൂട്ടി ക്യാമ്പസ് തല പോയിന്റിൽ അവർ മുമ്പിലായിരുന്നു.. ..ആഹ്ലാദത്തിന്റെ അവസാന ശ്രേണിയായിരുന്നു അന്ന് രാത്രി..
മദ്യവും മയക്കുമരുന്നുമില്ലാത്ത ഒരു നിലാവുള്ള രാത്രി..

ആ രാത്രിയിൽ പ്രണയത്തിന്റെ നിർവൃതിയിൽ അവർ ഒരു യാത്ര പോയി..

കണ്ണൂരിന്റെ സൗന്ദര്യവും രാത്രിയുടെ വൈകാരികതയും കൂട്ടികലർത്തിയ ഒരു സുന്ദര യാത്ര.. അവർ ബൈക്ക് എടുത്തു യാത്ര തുടങ്ങി....

തുടരും..




## ദേശീയ തലത്തിൽ തിളങ്ങി നവജ്യോതിയിലെ ബി എസ് ഡബ്ല്യൂ, സൈക്കോളജി വിദ്യാർത്ഥികൾ

അനുനന്ദ ഗോവിന്ദ് കെ



കോഴിക്കോട് ദേവഗിരി കോളേജിൽ നടന്ന ദേശീയ സെമിനാറിൽ നവജ്യോതി കോളേജിലെ സൈക്കോളജി സോഷ്യൽ വർക്ക് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.സമൂഹത്തിലെ വിവിധ പ്രശ്നങ്ങൾ പരിഹാരം കാണുന്നതിനുള്ള പുതിയ വഴികൾ തുറന്നു കൊടുക്കുന്നതായിരുന്നു ഈ പരിപാടി. സെമിനാറിന്റെ ഭാഗമായി നടത്തിയ സ്ട്രീറ്റ് പ്ലേയിൽ നവജ്യോതി കോളേജ് ഒന്നാം സ്ഥാനം നേടിയത് പ്രത്യേക ശ്രദ്ധയാകർഷിച്ചു. വിജേഷ് കാരി രചനയും സംവിധാനവും നിർവഹിച്ച 'കാടിന്റെ പാട്ട്' എന്ന തെരുവുനാടകം നവജ്യാതിയിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ചപ്പോൾ അനേകം കോളേജുകളെ പിന്തള്ളി നവജ്യോതി കോളേജ് തെരുവുനാടക മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സോഷ്യൽ വർക്ക്, സൈക്കോളജി വിഭാഗത്തിലെയും വിദ്യാർത്ഥികളായ അഹന, അനുനന്ദ,അൽഷ, അലൻ, ജിതിൻ, തോമസ്, ആന്റോ, ഷെഫിൻ, ജോസ്, ആൽബർട്ട് എന്നിവരാണ് അഭിമാനകരമായ ഈ നേട്ടം നവജ്യോതി കോളേജിന് നേടിതന്നത്.സോഷ്യൽ വർക്ക് വിഭാഗം മേധാവി ഫാ: ബിനോയ്, അസി. പ്രൊഫ. സി: ഷാരോൺ, സൈക്കോളജി വിഭാഗം മേധാവി ഗ്രീഷ്മ എം. കെ മറ്റ് അധ്യാപകരും വിദ്യാർത്ഥികൾക്ക് നൽകിയ പിന്തുണയും, നേതൃത്വവും, പ്രോത്സാഹനപരമായിരുന്നു. സ്ട്രീറ്റ് പ്ലേയിലൂടെ നവജ്യോതി കോളേജ് വിദ്യാർത്ഥികൾക്ക് തങ്ങളുടെ സർഗ്ഗാത്മകത ഉണർത്തുവാനും തന്റെ കഴിവുകൾ കണ്ടെത്തുവാനും സഹായകരമായി. ലഭിച്ച അറിവും പ്രചോദനവും ഉപയോഗിച്ച് മുന്നോട്ട് നീങ്ങാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന രീതിയിലായിരുന്നു അവരുടെ ഓരോ വിജയവും.

**എഡിറ്റോറിയൽ**

# ചുവപ്പിൽ മുങ്ങിയ പുതുവർഷം

**ജോമരിയ സ്റ്റാൻലി**

സ്നേഹത്തിന്റെയും സമൃധിയുടെയും എന്ന് തുടങ്ങുന്ന ആശംസകളൊക്കെ നന്മയെ ലക്ഷ്യം വയ്ക്കുന്നതും പ്രതീക്ഷ നൽകുന്നതുമാണ്. അങ്ങനെ ശുഭപ്രതീക്ഷയോടു കൂടി ആരംഭിച്ചതാണ് 2025. പക്ഷെ ആദ്യ രണ്ടു മാസങ്ങളും രക്തക്കറയിൽ മുങ്ങിക്കുളിച്ചാണ് കടന്നു പോയത്... പ്രണയത്തിന്റെ ചുവപ്പണിയേണ്ട ഫെബ്രുവരി മാസം പോലും മനസ്സുമരവിപ്പിക്കുന്ന അരുംകൊലകൾ കണ്ടു വിറച്ചു പോയപ്പോൾ ആശ്വാസമായത് സ്വന്തം കാമുകനെ വിഷം കൊടുത്തു കൊന്നവളുടെ മൃഗീയതക്കു കോടതി വിധിച്ച തൂക്കുകയർ ആയിരുന്നു. എന്നാൽ അത്തരം വിധികൾക്കൊന്നും പുതിയ കൊലപാതകികളെ ഭയപ്പെടുത്താനായില്ല എന്നതാണ് വസ്തുത.സുഹൃത്തും സഹപാഠിയുമാകേണ്ടിയിരുന്ന വിദ്യാർത്ഥി അപരനെ അധിക്രൂരമായി മർദിക്കുന്നതിന്റെ പേരാണത്രെ റാഗിങ്! തന്ത വൈബ്, തള്ള വൈബ്, ക്ലീഷേ, ക്രിഞ്ച്, എന്നിങ്ങനെയുള്ള ചില ന്യൂജൻ വാക്കുകൾ മൂലം നശിച്ചു പോയ കുറച്ചു സാമൂഹിക മൂല്യങ്ങളുണ്ട. ഇനിയെങ്കിലും അവയൊക്കെ വീണ്ടെടുത്തില്ലെങ്കിൽ നാളെ കേരളത്തെ നടുക്കുന്ന അടുത്ത വാർത്ത ഒരുപക്ഷെ നമ്മളല്ലെന്ന് ആരുകണ്ടു!

## പുതുവർഷ ദിനത്തിൽ സ്നേഹ ഭവൻ സന്ദർശിച്ച് നവജ്യോതി കോളേജ് ബി.സി. എ ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾ




**പ്രിയങ്ക സെബാസ്റ്റ്യൻ**

നവജ്യോതി കോളേജ് ബി.സി.എ ഡിപ്പാർട്മെന്റ് ഔട്ട്റീച് പ്രോഗ്രാമിന്റെ ഭാഗമായി പുതുവർഷ ദിനത്തിൽ തിരുമേനി ചട്ടിവയൽ സ്നേഹ ഭവൻ സന്ദർശിച്ചു. നവജ്യോതി കോളേജിലെ ബി.സി.എ സന്ദർശിച്ചു.നവജ്യോതി കോളേജിലെ ബി.സി.എ ഡിപ്പാർട്ട്മെന്റിലെ 14 വിദ്യാർത്ഥികളും രണ്ട് അധ്യാപകരും ചേർന്ന സംഘം പുതുവർഷ ദിനത്തിൽ സ്നേഹ ഭവൻ അംഗങ്ങളോടൊപ്പം വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും, അംഗങ്ങളുമായി ഏറെ നേരം സംവദിക്കുകയും കേക്ക് മുറിച്ച് പുതുവർഷത്തെ വരവേൽക്കുകയും ചെയ്തു.ഈ സന്ദർശനം കുട്ടികളിൽ ഉത്തരവാദിത്തവും മനുഷ്യത്വവും ഉണർത്താൻ സഹായിച്ചു.

## റെസ് പബ്ലിക്ക



**കൃഷ്ണപ്രിയ പി**

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ജനുവരി 27 തിങ്കളാഴ്ച നവജ്യോതി കോളേജ് ചെറുപുഴയിൽ 'റെസ് പബ്ലിക്ക' എന്ന പേരിൽ ഒരു റിപ്പബ്ലിക് ദിന ക്വിസ് കോംപറ്റീഷൻ സംഘടിപ്പിച്ചു. കൊമേഴ്സ് അസോസിയേഷനും പിജി ഡിപ്പാർട്മെന്റ് ഓഫ് കൊമേഴ്സും ചേർന്നാണ് മത്സരം സംഘടിപ്പിച്ചത്. 34 സ്റ്റുഡന്റ്സുള്ള 17 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്.4റൗണ്ടുകളായാണ് മത്സരം നടന്നത്. 10 ചോദ്യങ്ങൾ വീതമുള്ള 3 റൗണ്ടുകളും ഒരു റാപ്പിട് ഫയർ റൗണ്ടുമാണ് ഉണ്ടായിരുന്നത്. ആദ്യത്തെ മൂന്ന് റൗണ്ടുകളിൽ എല്ലാവരും നന്നായി പങ്കെടുത്തു. അവസാനത്തെ റാപിട് ഫയർ റൗണ്ട് വളരെ ആവേശം നിറഞ്ഞതായിരുന്നു. അതിൽ ആദ്യത്തെ രണ്ട് ചോദ്യങ്ങൾക്കും തെറ്റുത്തരം പറഞ്ഞതിനാൽ മൂന്നാമതൊരു ചോദ്യംകൂടെ ചോദിച്ചു. അവസാനം ആറാം ഗ്രൂപ്പ് അംഗങ്ങളായ കൃഷ്ണപ്രിയയും നിമ്യയും ഒന്നാം സമ്മാനം കരസ്ഥമാക്കി. ദേവിക, അരുണിമ എന്നിവർ രണ്ടാം സമ്മാനത്തിനും അർഹരായി.സമ്മാനധാനം കൊമേഴ്സ് ഡിപ്പാർട്മെന്റ്HOD ആയ മാത്യു.എം.ജെയും,പ്രിൻസിപ്പാൾ ഡോ :കെ കെ സോമശേഖരൻ സാറും നിർവഹിച്ചു. ഒന്നാം സമ്മാനം 300 രൂപയും രണ്ടാം സമ്മാനം 200 രൂപയും ആണ് നൽകിയത്.

## നിക്ഷേപ അവസരങ്ങളുമായി സൗത്ത് ഇന്ത്യൻ ബാങ്ക്




**അനുശ്രീ വാസുദേവൻ**

നവജ്യോതി കോളേജ് കൊമേഴ്സ് വിഭാഗവും ചെറുപുഴ സൗത്ത് ഇന്ത്യൻ ബാങ്കും സംയുക്തമായി FINACIAL LITERACY PROGRAMME 21.1.25 ചൊവ്വാഴ്ച 10.30 ന് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അസിസ്റ്റന്റ് മാനേജർ ഷാരോൺ മാഡം എടുത്ത ക്ലാസ്സിൽ കൊമേഴ്സ് വിഭാഗം വിദ്യാർത്ഥികളും കൊമേഴ്സ് വിഭാഗം മേധാവി മാത്യു എം. ജെ യും മറ്റ് അധ്യാപകരും പങ്കെടുത്തു. വിദ്യാർഥികൾക്കിടയിൽ നിക്ഷേപ സ്വഭാവം വളർത്താനും അതിനുള്ള അവസരങ്ങളെക്കുറിച്ച് അവബോധം നൽകുവാനും ഈ ക്ലാസ് പ്രയോജനകരമായിരുന്നു. ക്ലാസിന്റെ അവസാനഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് സംശയനിവാരണത്തിനുള്ള അവസരം ഉണ്ടായിരുന്നു. 11.30 ന് കൊമേഴ്സ് വിഭാഗം അധ്യാപികയായ ജയ്മോൾ എം .ടി നന്ദി പറയുകയും പ്രോഗ്രാം അവസാനിപ്പിക്കുകയും ചെയ്തു.

## കൊടൈക്കനാലിലേക്ക്...



**ഫാത്തിമത്ത് നാഫിയ**

നവജ്യോതി കോളേജിലെ 202326 ബാച്ചിലെ നാലാം സെമസ്റ്റർ കൊമേഴ്സ് വിദ്യാർത്ഥികളുടെ, മൂന്ന് രാത്രിയും രു പകലും നീുനിന്ന ഇൻഡസ്ട്രിയൽ വിസിറ്റ് കൊടൈക്കനാൽ, മറയൂർ എന്നീ സ്ഥലങ്ങളിലേക്ക് ആയിരുന്നു.8/01/2025 രാത്രി 8 മണിക്ക് ആരംഭിച്ച യാത്ര പിറ്റേദിവസം രാവിലെ ഏകദേശം 7 മണിയോടെ കൂടി കൊടൈക്കനാൽ എത്തുകയും, ആ ദിവസം അവിടെ തന്നെ വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്തു.അന്ന് അവിടെ താമസിച്ച ശേഷം 9 /1 /2025 മറയൂരിൽ മുൻനിശ്ചയ പ്രകാരമുള്ള ഇൻഡസ്ട്രി ആയ ചോക്ലേറ്റ് ഫാക്ടറി ,ശർക്കര ഫാക്ടറി എന്നിവ സന്ദർശിക്കുകയും അന്ന് രാത്രിയോടെ തിരികെ മടങ്ങുക യും ചെയ്തു.

## വിദ്യാർത്ഥികളെ അറിയാൻ സദ്ഗമയ

**സിംന സൈമൺ**

2025 ജനുവരി 16ന് നവജ്യോതി കോളേജിലെ ഐക്യുഎസി യും പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സും ചേർന്ന് "SADGAMAYA Mentorship:A Practical Approach."എന്ന പേരിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP) സംഘടിപ്പിച്ചു.ഫാക്കൽറ്റി അംഗങ്ങൾക്കിടയിൽ മെന്ററിംഗ് കഴിവുകൾ വർധിപ്പിക്കുന്നതിനും, സഹായകരമായ വിദ്യാഭ്യാസ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനും ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ.കെ.കെ. സോമശേഖരൻ സാറിന്റെ ഉദ്ഘാടന പ്രസംഗത്തോടെയാണ് പരിപാടി ആരംഭിച്ചത്. അക്കാദമിക് ക്രമീകരണങ്ങളിൽ മെന്റർഷിപ്പിന്റെ പ്രാധാന്യം അടിവരയിട്ടായിരുന്നു ഉദ്ഘാടന പ്രസംഗം . ഐ.ക്യു.എ.സി കോർഡിനേറ്റർ ശ്രീമതി സിംന സൈമൺ പങ്കെടുത്തവരെ സ്വാഗതം ചെയ്തുകൊണ്ട് ചർച്ചകൾക്ക് തുടക്കം കുറിച്ചു. കൊമേഴ്സ്




വിഭാഗം മേധാവി മാർഗനിർദേശ രീതികളെക്കുറി ശ്രീ മാത്യു എം.ജെ. ഫലപ്രദമായ മാർഗനിർദേശ രീതികളെക്കുറിച്ചുള്ള ഉൾക്കാഴ്ചയുള്ള സെഷൻ നടത്തി.ഉപദേശകരുമായി വിശ്വാസം വളർത്തിയെടുക്കുക, പൊതുവായ വെല്ലുവിളികൾ, കാര്യക്ഷമമായ ഒരു ഉപദേഷ്ടാവ് ആകുന്നതിന് ആവശ്യമായ കഴിവുകൾ, വ്യക്തമായ ലക്ഷ്യങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പ്രധാന വശങ്ങൾ അദ്ദേഹം ഊന്നിപ്പറഞ്ഞു.പ്രൊഫഷണൽ അതിരുകളും രഹസ്യസ്വഭാവവും കാത്തുസൂക്ഷിക്കുന്നതോടൊപ്പം തന്നെ ഓരോ വിദ്യാർത്ഥിയുടെയും ആവശ്യങ്ങളോട് വ്യക്തിഗതമായ സമീപനം സ്വീകരിക്കാൻഫാക്കൽറ്റിയെ പ്രോത്സാഹിപ്പിച്ചു കൊണ്ട്ശ്രീ മാത്യു പ്രധാന മെന്ററിംഗ് ടിപ്പുകളും മുൻകരുതലുകളും പങ്കിട്ടു. അദ്ദേഹത്തിന്റെ പ്രായോഗിക സമീപനം പങ്കെടുത്തവരോട് നന്നായി പ്രതിധ്വനിച്ചു,അവരുടെ മാർഗനിർദേശ ബന്ധങ്ങളിൽ ഈ തന്ത്രങ്ങൾ സ്വീകരിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചു.കൂടാതെ,എംബേസ് ആപ്പിൽ ലഭ്യമായ മെന്ററിംഗ് മൊഡ്യൂൾ ശ്രീമതി സിംന സൈമൺ അവതരിപ്പിച്ചു.മെന്ററിംഗ് പ്രക്രിയ കാര്യക്ഷമമാക്കാനും ആശയവിനിമയം മെച്ചപ്പെടുത്താനും ഈ ഡിജിറ്റൽ ടൂൾ ലക്ഷ്യമിടുന്നു.ചർച്ചകളിൽ ഏർപ്പെടുകയും അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്ത 25 ഫാക്കൽറ്റി അംഗങ്ങളുടെ സജീവ പങ്കാളിത്തം എളജ കു. മൊത്തത്തിൽ, പ്രോഗ്രാം അതിന്റെ ലക്ഷ്യങ്ങൾ വിജയകരമായി നിറവേറ്റി,

# രക്തദാനത്തിലൂടെ പുതുജീവൻ നൽകി നവജ്യോതി എൻ എസ് എസ് യൂണിറ്റ്

**അക്ഷയ് പ്രകാശ്**

ചെറുപുഴ നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റിന്റെയും ബ്ലഡ് ഈസ് റെഡ് കൂട്ടായ്മ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെയും നേതൃത്വത്തിൽ രക്ത ദാന ക്യാമ്പ് സംഘടിപ്പിച്ചു.പയ്യന്നൂർ സഹകരണ ആശുപത്രി ബ്ലഡ് ബാങ്കിലേക്കാണ് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചത്.നവജ്യോതി കോളേജിൽ വെച്ച് നടന്ന പരിപാടി ഫാ. അരുൺ ജെയിംസ് ഉദ്ഘാടനം ചെയ്തു. രക്തദാനം ചെയ്യുന്നതിലൂടെ ഒരു ജീവൻ രക്ഷിക്കാൻ നമുക്ക് സാധിക്കും. അതുകൊണ്ട് എല്ലാവരും രക്തദാനത്തിൽ പങ്കാളികളാകണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഫാദർ അരുൺ ജെയിംസ്




അറിയിച്ചു.കോളേജ് പ്രിൻസിപ്പൽ ഡോ. കെ കെ സോമശേഖരൻ, പ്രോഗ്രാം ഓഫീസർ ശ്രീമതി മഞ്ജുഷ കെ ബി, ബ്ലഡ് യ്മ സംസ്ഥാന സെക്രട്ടറി അരുൺ പെരിങ്ങോഀ, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ ശ്രീമതി രജിത കെ എന്നിവർ പരിപാടിക്ക് ആശംസകൾ അറിയിച്ചു സംസാരിച്ചു. നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റ് സെക്രട്ടറി അക്ഷയ് പ്രകാശ് നന്ദി അർപ്പിച്ചു.കോളേജിലെ വിവിധ ഡിപ്പാർട്മെന്റിൽ നിന്നായി നാൽപ്പതോളം വിദ്യാർഥികളും അധ്യാപകരും രക്തദാനത്തിൽ പങ്കാളികളായി.

## ചെസ്സ് ടൂർണമെന്റ്

**ഗോഡ്സൺ റോയ്**

നൈപുണ്യ വികസനം

BBA അസോസിയേഷൻ സംഘടിപ്പിച്ച ചെസ്സ് ടൂർണമെന്റ് 2025 ഫെബ്രുവരി 4 ന് 3.15 ന് റൂം നമ്പർ 301 ൽ നടന്നു, 2025 ഫെബ്രുവരി 7 ന് ഫൈനൽ മത്സരത്തിൽ സമാപിച്ചു. നോക്കൗട്ട് ഫോർമാറ്റിൽ നടന്ന പരിപാടിയിൽ ആകെ 10 ടീമുകൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്കിടയിൽ ചെസ്സ് കളി പ്രോത്സാഹിപ്പിക്കുക, മത്സര മനോഭാവം വളർത്തുക, വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദി ഒരുക്കുക എന്നിവയായിരുന്നു ചെസ്സ് ടൂർണമെന്റിന്റെ ലക്ഷ്യം. ടൂർണമെന്റ് പങ്കെടുക്കുന്നവർക്കിടയിൽ കടുത്ത മത്സരത്തിന് സാക്ഷ്യം വഹിച്ചു, നിരവധി മത്സരങ്ങൾ വയർ വരെ ഇറങ്ങി. മികച്ച ബഹുമതികൾക്കായി മത്സരിക്കുന്ന വിവിധ വിഷയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പെടുന്ന പത്ത് ടീമുകളുടെ ശക്തമായ പങ്കാളിത്തത്തിന് പരിപാടി സാക്ഷ്യം വഹിച്ചു. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ അസാധാരണമായ കഴിവുകളും തന്ത്രങ്ങളും പ്രദർശിപ്പിച്ചുകൊണ്ട് മത്സരങ്ങൾ മൊത്തത്തിൽ ശക്തമായിരുന്നു മൂന്നാം വർഷ ബി കോം ഫിനാൻസ് വിദ്യാർത്ഥിയായ നോയൽ തോമസ് 300 രൂപ സമ്മാനമായി നേടി. തന്റെ എല്ലാ മത്സരങ്ങളിലും എതിരാളികളെ ചെക്ക്മേറ്റ് ചെയ്ത അദ്ദേഹത്തിന്റെ അസാധാരണമായ ഗെയിംപ്ലേയും തന്ത്രപരമായ മിടുക്കും അദ്ദേഹത്തെ ഒന്നാം സ്ഥാനത്തിന് അർഹനാക്കി . 200 രൂപ ക്യാഷ് പ്രൈസുമായി ര ണ്ടാം വർഷ ബിബിഎ വിദ്യാർത്ഥി രോഹിത് പി ര ണ്ടാം സ്ഥാനം നേടി. അദ്ദേഹത്തിന്റെ ശക്തമായ പ്രകടനവും കായികക്ഷമതയും പ്രശംസനീയമായിരുന്നു .അദ്ദേഹത്തെ യോഗ്യനായ റണ്ണറപ്പാക്കി.

വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും സമപ്രായക്കാരുമായി മത്സരിക്കുന്നതിനും ആരോഗ്യകരമായ മത്സരത്തിന്റെ മനോഭാവം വളർത്തുന്നതിനുമുള്ള ഒരു വേദി പ്രദാനം ചെയ്യുന്ന ടൂർണമെന്റ് മികച്ച വിജയമായിരുന്നു.

## മാതൃഭാഷാദിനാചരണം




**തോമസ് പി ജെ.**

21/02/2025 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മാതൃഭാഷ ദിനാചരണം നടത്തപ്പെട്ടു. തുടർന്ന് മലയാളവിഭാഗം മേധാവി മിസിസ് രജിത. കെ മാതൃഭാഷയുടെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് പകർന്നു കൊടുത്തു. തുടർന്ന് ബി .ബി. എ വിദ്യാർത്ഥി ഗോഡ്സൺ റോയിയും, ബി.എസ്. ഡബ്ല്യൂ വിദ്യാർത്ഥി തോമസ് പി.ജെ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അതിനുശേഷം ‘മാതൃഭാഷയുടെ പ്രാധാന്യവും, മാറിക്കൊ21/02/2025 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മാതൃഭാഷ ദിനാചരണം നടത്തപ്പെട്ടു. തുടർന്ന് മലയാളവിഭാഗം മേധാവി മിസിസ് രജിത. കെ മാതൃഭാഷയുടെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് പകർന്നു കൊടുത്തു. തുടർന്ന് ബി.ബി. എ വിദ്യാർത്ഥി ഗോഡ്സൺ റോയിയും, ബി .എസ്. ഡബ്ല്യൂ വിദ്യാർത്ഥി തോമസ് പി.ജെ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അതിനുശേഷം ‘മാതൃഭാഷയുടെ പ്രാധാന്യവും, മാറിക്കൊണ്ടിരിക്കുന്നകാലാവസ്ഥയും‘ എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി. അതിൽ മത്സരാർത്ഥികളായ ബി. എസ്. ഡബ്ല്യൂ , ബി.ബി.എ വിദ്യാർത്ഥികളായ അക്ഷയ് കുമാർ, ഗോഡ്സൺ റോയ്, ജോവൽ മൈക്കിൾ, ആന്റോ തോമസ്, ഷെഫിൻ വർഗീസ്, ആൽബർട്ട് മാത്യു എന്നിവർ പങ്കെടുത്തു. ബി. ബി. എ വിദ്യാർത്ഥി ഗോഡ്സൺ റോയി ഒന്നാം സ്ഥാനവും, ബി. എസ്. ഡബ്ല്യൂ വിദ്യാർത്ഥി ഷെഫീൻ വർഗീസ് രണ്ടാം സ്ഥാനവും കരസ്ഥ മാക്കി.

## വനിതകൾ ഭരിക്കുന്ന കലാലയം

**ഫാ .ജോസ് താമരക്കാട്ട്**

നവജ്യോതി കോളേജിലെ വനിതാ വാരാചരണത്തിന്റെ ഭാഗമായി നവജ്യോതിയുടെ ഭരണസിരകളിൽ വനിതകൾ. നവജ്യോതി കോളജിൽ മാർച്ച് 1 മുതൽ 8 വരെ വിവിധ പരിപാടികളോടെ വനിതാ വാരാഘോഷം ആഘോഷിക്കപ്പെടുകയാണ്. ഇതിന്റെ ഭാഗമായാണ് നവജ്യോതി കോളേജിലെ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, ഡയറക്ടർ, വിവിധ ഡിപ്പാർട്ട്മെന്റിലെ എച്ച്. ഒ.ഡി. മാർ എന്നീ സ്ഥാനങ്ങളിലേക്ക് വനിതകൾക്ക് അവസരം നൽകിയത്. കോളേജ് പ്രിൻസിപ്പലായി ബി സി എ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഹണി ജോൺസണും, ഡയറക്ടറായി ബികോം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഐശ്വര്യ എസും, വൈസ് പ്രിൻസിപ്പലായി ബികോം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സ്മൃതി ടി വി എന്നിവരും സ്ഥാനമേറ്റു.കോളേജിലെ എല്ലാ വനിതാ അധ്യാപകരുടെയും പേരുകൾ എഴുതി അതിൽ നിന്നും നറുക്കിട്ട് തിരഞ്ഞെടുത്തവരെയാണ് അധികാര സ്ഥാനങ്ങളിലേക്ക് നിയോഗിച്ചത്. വിദ്യാർത്ഥികളുടെ സാന്നിധ്യത്തിൽ ഡോക്ടർ കെ. കെ. സോമശേഖരൻ പുതിയ വനിതാ നേതൃത്വത്തെ പൂക്കൾ നൽകി അധികാര സ്ഥാനത്തേക്ക് ഉയർത്തി

## പ്രകൃതി സംരക്ഷണത്തിനായി കോളേജ് വിദ്യാർത്ഥികൾ




**ഫാ .ജോസ് താമരക്കാട്ട്**

ചെറുപുഴ: നവജ്യോതി കോളേജിൽ പ്രവർത്തിക്കുന്ന നവജ്യോതി വാണ്ടർലസ്റ്റ് ടൂറിസം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചെറുപുഴ പഞ്ചായത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ തിരുനെറ്റിക്കല്ലിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ചു. ധാരാളം ആളുകൾ ഓരോ ദിവസവുമെത്തുന്ന തിരുനെറ്റിക്കല്ലിൽ പ്ലാസ്റ്റിക്ക് കുപ്പികളും കൂടുകളും നിക്ഷേപിക്കാൻ സൗകര്യം ഇല്ലായിരുന്നു. ഈ സാഹചര്യത്തിലാണ് നവജ്യോതി കോളേജ് മാനേജ്മെന്റിന്റെ സഹായത്തോടെ കോളേജിൽ പ്രവർത്തിക്കുന്ന ടൂറിസം ക്ലബ്ബ് വിദ്യാർത്ഥികൾബോട്ടിൽ ബൂത്ത് സ്ഥാപിച്ചത്. പ്ലാസ്റ്റിക് വലിച്ചെറിഞ്ഞ് പ്രകൃതിയെ നശിപ്പിക്കാതെ പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുക എന്ന വലിയ സന്ദേശമാണ് ഭാവി വാഗ്ദാനങ്ങളായ കോളേജ് വിദ്യാർത്ഥികൾ ഈ പ്രവർത്തനത്തിലൂടെ സമൂഹത്തിന് കൈമാറുന്നത്.

പ്രോഗ്രാമിന് ടൂറിസം ക്ലബ്ബ് കോർഡിനേറ്റർ ഒലിവിയ വിൻസെന്റ്, ഡെപ്യൂട്ടി കോർഡിനേറ്റർ സാന്ത്വന ഭാസ്ക്കർ എന്നിവർ നേതൃത്വം നൽകി.

# നവജ്യോതി കോളേജിൽ Wealth Wise സെമിനാർ സംഘടിപ്പിച്ചു.

സി.ആഷ്ന മരിയ



സെക്യൂരിറ്റി ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ(SEBI) യുടെ ആഭിമുഖ്യത്തിൽ, നവജ്യോതി കോളേജ് പിജി കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തോടൊപ്പം ചേർന്ന് 'wealth wise"എന്ന പേരിൽ ധനസമ്പാദന ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ജനുവരി 28ന് കോളേജിലെ സെമിനാർ ഹാളിൽ ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെ നടന്ന ഈ സെമിനാറിൽ, പ്രമുഖ NSE ട്രെയിനറായ Anto Jose മുഖ്യപ്രഭാഷണം നടത്തി. നിക്ഷേപത്തിന്റെയും ലാഭ സംരക്ഷണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ അവലോകനം നൽകുകയായിരുന്നു ഈ പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യം. കോളേജ് പ്രിൻസിപ്പൽ ഡോ. സോമശേഖരൻ സാറും മറ്റ് അധ്യാപകരും വിദ്യാർത്ഥികളും സെമിനാറിൽ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് ധനകാര്യ വിപണിയെക്കുറിച്ചുള്ള വ്യക്തമായ അവബോധം നൽകുന്ന തരത്തിലുള്ള നല്ല സെമിനാർ ആയിരുന്നു ഇത്.

# സ്കിൽ ഡെവലപ്പ്മെന്റ്




ആദർശ് മാത്യു

പിജി ഡിപ്പാർട്മെന്റ് ഓഫ് ഇംഗ്ലീഷിന്റെയും ഇങ്ക് ജേർൺ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടത്തപ്പെട്ടു. ജനുവരി 28 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കോളേജ് സെമിനാർ ഹാളിൽവച്ചാണ് പ്രോഗ്രാം നടന്നത്. ഗവണ്മെന്റ് കോളേജ് ... വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ നിവിൻ ജോൺ ആണ് പ്രോഗ്രാം കൈകാര്യം ചെയ്തത്. പ്രൊഡക്ഷൻ, പ്രി പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സ് എടുക്കുകയും. വിദ്യാർത്ഥികൾ തയ്യാറാക്കിയ ഷോർട് ഫിലംസ് പ്രദർശിപ്പിക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

# ആനന്ദകരമാക്കി INDUSTRIAL VISIT



രണ്ടാം വർഷ ബികോം സിഎ വിദ്യാർത്ഥികൾ ഇൻഡസ്ട്രികൾ സന്ദർശിച്ചു. മൂന്നാർ, കൊടൈക്കനാൽ എന്നീ സ്ഥലങ്ങളിലായിരുന്നു സന്ദർശനം. 19 വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെട്ട ടീം മൂന്നാറിലെ കണ്ണൻ ദേവൻ തേയില ഫാക്ടറി, എക്കോ പോയിന്റ്, മാട്ടുപ്പെട്ടി ഡാം, കൊടൈക്കനാലിലെ ചോക്ലേറ്റ് ഫാക്ടറി, പൈൻ ഫോറെസ്റ്റ്, ഗുണ കേവ് എന്നീ സ്ഥലങ്ങളും സന്ദർശിച്ചു. രാവിലെ തിരിച്ചെത്തി.

# അർമാദ
armada
College Day Programme

നവജ്യോതി കോളേജ് 202425 വർഷത്തെ കോളേജ് ഡേ 'അർമാദ' അധ്യാപകരും വിദ്യാർത്ഥികളും ഫെബ്രുവരി 14 വൈകുന്നേരം കോളേജ് അങ്കണത്തിൽ അർമാദിച്ചു.ഒരിടവേളക്കു ശേഷം നടത്തിയ രാത്രി പരിപാടിയായതിനാൽ തന്നെ രാവിൽ മനോഹരിയായ നവജ്യാതിയെകാണാൻ വിദ്യാർത്ഥികൾ അത്രയും ആഗ്രഹിച്ചിരുന്നു. നവജ്യോതി കോളേജും കോൺഫിയൻസ സ്റ്റുഡന്റസ് യൂണിയനും സംയുക്തമായി നടത്തിയ കോളേജ് ഡേ പ്രോഗ്രാമിൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ കെ സോമശേഖരൻ സർ അധ്യക്ഷത നിർവഹിച്ചു.




സിനിമനാടക സംവിധായകൻ മിസ്റ്റർ. ഗോപി കുറ്റിക്കോൽ ഉദ്ഘാടനം നിർവഹിക്കുകയും, പിടിഎ പ്രസിഡന്റ് ഡെന്നി ജോസഫും, മൂന്നാം വാർഡ് മെമ്പർ ശ്രീമതി ജോയ്സി ഷാജിയും ആശംസകളറിയിച്ചു സംസാരിക്കുകയും ചെയ്തു.നവജ്യോതി കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികളായ ഫെബിൻ ബിജു ചടങ്ങിന് സ്വാഗതവും, ആൻ മരിയ അബ്രഹാം നന്ദി അർപ്പിക്കുകയും ചെയ്തു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇരുപതോളം രസകരമായ കലാപരിപാടികളും വേദിയിൽ അരങ്ങേറി. അർമാദ കോളേജ് ഡേയെ അർമാദത്തിലാഴ്ത്താൻ വലിയ പങ്കുവഹിച്ചത് സൗത്ത് ഇന്ത്യയിലെ തന്നെ വലിയ ബാൻഡായ 'ഇല്ലം ബാൻഡ് ' ആണ്. ആട്ടവും പാട്ടുമായി അധ്യാപക വിദ്യാർത്ഥി സൗഹൃദം നിറഞ്ഞാടി അതിമനോഹരിയായ നവജ്യോതിയുടെ മണ്ണിൽ ഏറെ മനോഹരിയായി അർമാദ

NAVAJYOTHI COLLEGE - CHERUPUZHA
ADMISSION 2025-26

OUR COURSES
BCOM MCOM
BBA BCA BSW
PSYCHOLOGY
BA ENGLISH MA ENGLISH
BA ECONOMICS

OUR ADD ON COURSES
ACCA
LOGISTICS
DATA ANALYTICS AND BUSINESS INTELLIGENCE (DABI)
DATA SCIENCE AND ANALYTICS(DSA)
CERTIFICATE COURSE IN AI TOOLS
DIPLOMA IN MEDICAL CODING
DIPLOMA IN HOSPITALITY MANAGEMENT
DIPLOMA IN CHILD PSYCHOLOGY AND COUNSELLING
DIPLOMA IN MULTIMEDIA ANIMATION
ARTIFICIAL INTELLIGENCE AND MACHINE LEARNING

ADMISSION 2025-26 BCOM - MCOM - BBA - BCA - BSW
PSYCHOLOGY - BA ENGLISH -MA ENGLISH - BA ECONOMICS




+91 6282564897
+91 9400974433
NAAC B++
NAVAJYOTHI
COLLEGE CHERUPUZHA
AFFILIATED TO KANNUR UNIVERSITY
RUN BY CST FATHERS
P.B . No. 05, Cherupuzha -670 511
njc.ac.in


# FEBRUARY MONTH-MONTHLY CROSSWORDS COMPETITION WINNER




## എല്ലാവർക്കും പങ്കെടുക്കാം .. സമ്മാനം നേടാം...

**2025 മാർച്ച് 28 നു മുൻപായി നിങ്ങളുടെ ഉത്തരങ്ങൾ 9400974433 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കൂ**

**ആകർഷകമായ സമ്മാനങ്ങൾ സ്വന്തമാക്കൂ..**




**ACROSS**

1. Which part of alimentary canal receives bile from the liver
5. The bluish colour of water in deep sea is due to
7. Who founded Depressed Class Association in 1930

**DOWN**

2. The focal length of a plane mirror is
3. The idea of Concurrent list has been taken form the constitution of
4. The feature of federal system with fortified center is borrowed from which country
6.Oxygen liberated during photosynthesis comes from

**ശരിയുത്തരം അയക്കുന്നവരിൽ നിന്നും വിജയികളെ കോളേജിന്റെ ഔദ്യോഗിക പരിപാടികളിൽ വെച്ച് പ്രഖ്യാപിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു.**
**(ഒന്നിലധികം ശരിയുത്തരങ്ങൾ വരുന്നപക്ഷം നറുക്കെടുപ്പിലൂടെ വിജയിയെ തിരഞ്ഞെടുക്കുന്നു)**